# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 27**

---

## മാൽക്കം ആദിശേഷയ്യ ചെയറിന് തുടക്കം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിൽ വിഖ്യാത സാമ്പത്തികശാസ്ത്ര വിദഗ്ധനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന മാൽക്കം എസ്. ആദിശേഷയ്യയുടെ പേരിലുള്ള ചെയറിന് തുടക്കമായി. വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു.

അക്കാദമിക്, ഗവേഷണ മേഖലകളിൽ രാജ്യാന്തര തലത്തിൽ മികവു പുലർത്തുന്ന സർവകലാശാലയ്ക്ക് സാമ്പത്തികശാസ്ത്ര പ്രതിഭയായ മാൽക്കം ആദിശേഷയ്യയുടെ പേരിലുള്ള ചെയർ തുടങ്ങുന്നത് അഭിമാനകരമാണെന്ന് അദ്ദേഹം പറഞ്ഞു.

സാമ്പത്തിക ശാസ്ത്രജ്ഞനും ന്യൂഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ മുൻ അധ്യാപകനും മാൽക്കം ആദിശേഷയ്യ അവാർഡ് ജേതാവുമായ പ്രഫ. സി.പി. ചന്ദ്രശേഖർ ആദ്യ പ്രഭാഷണം നടത്തി.

കെ.എൻ. രാജ് സ്കൂൾ ഇക്കണോമിക്സ് ഡയറക്ടർ പ്രഫ. ജോണി ജോൺസൺ അധ്യക്ഷത വഹിച്ചു.
ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് ഡയറക്ടർ ഡോ. കെ.എം. സീതി സന്നിഹിതനായിരുന്നു.

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ മാൽക്കം എസ്. ആദിശേഷയ്യ

ചെയറിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രഫ. സാബു തോമസ് നിർവഹിക്കുന്നു.

(പി.ആർ.ഒ/39/350/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ - ഇൻറലക്ച്വൽ ഡിസെബിലിറ്റി (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ മെയ് അഞ്ചിന് തുടങ്ങും. ഏപ്രിൽ 18 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷ നൽകാം.

പിഴയോടു കൂടി ഏപ്രിൽ 19നും സൂപ്പർ ഫൈനോടെ ഏപ്രിൽ 20നും അപേക്ഷ സ്വീകരിക്കും. വിദ്യാർത്ഥികൾ പരീക്ഷാ ഫീസിനൊപ്പം ഒരു പേപ്പറിന് 60 രൂപ നിരക്കിൽ(പരമാവധി 300 രൂപ) സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

........................

ഒന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.ടി.എ, എം.എച്ച്.എം, എം.എം.എച്ച്, എം.എസ്.ഡബ്ല്യു, എം.ടി.ടി.എം (സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2021,2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ഏപ്രിൽ മൂന്നു മുതൽ 10 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷ നൽകാം.

പിഴയോടു കൂടി ഏപ്രിൽ 11,12 തീയതികളിലും സൂപ്പർ ഫൈനോടെ ഏപ്രിൽ 13നും അപേക്ഷ സ്വീകരിക്കും.

അപേക്ഷാഫോറത്തിന് 35 രൂപയും ഒരു പേപ്പറിന് 50 രൂപ നിരക്കിൽ(പരമാവധി 300 രൂപ) സി.വി ക്യാമ്പ് ഫീസും പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം. പരീക്ഷാതീയതി പിന്നീട് അറിയിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

........................

നാലാം സെമസ്റ്റർ എൽ.എൽ.എം (ബ്രാഞ്ച് 1 കൊമേഴ്സ്യൽ ലോ - 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2017 വരെയുള്ള അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്), (ബ്രാഞ്ച് 2 ക്രിമിനൽ

ലോ - 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2017 വരെയുള്ള അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ 17 ന് നടക്കും.

പിഴയില്ലാതെ ഏപ്രിൽ മൂന്നു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. പിഴയോടുകൂടി ഏപ്രിൽ നാലിനും സൂപ്പർ ഫൈനോടെ ഏപ്രിൽ അഞ്ചിനും അപേക്ഷ സ്വീകരിക്കും. മെഴ്സി ചാൻസ് പരീക്ഷ എഴുതുന്നവർ പരീക്ഷാ ഫീസിനും സ.വി ക്യാമ്പ് ഫീസിനുമൊപ്പം 5515 രൂപ സ്പെഷ്യൽ ഫീസ് അടയ്ക്കണം.

പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത കോളജുകളിൽതന്നെ പരീക്ഷ എഴുതണം. മറ്റു കേന്ദ്രങ്ങൾ അനുവദിക്കുന്നതല്ല.

.....................

അഫിലിയേറ്റഡ് കോളജുകളിലെയും സീപാസിന് കീഴിലുള്ള സ്ഥാപനങ്ങളിലെയും മൂന്നാം സെമസ്റ്റർ ബി.എഡ് (ക്രെഡിറ്റും സെമസ്റ്ററും - 2016,2017 അഡ്മിഷനുകൾ ഫസ്റ്റ് മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ 13ന് ആരംഭിക്കും.

ഏപ്രിൽ മൂന്നു വരെ പിഴയില്ലാതെയും ഏപ്രിൽ നാലിന് പിഴയോടു കൂടിയും ഏപ്രിൽ അഞ്ചിന് സൂപ്പർ ഫൈനോടെയും ഫീസ് അടച്ച് അപേക്ഷ നൽകാം. പരീക്ഷാ ഫീസിനൊപ്പം ഒരു പേപ്പറിന് 60 രൂപ നിരക്കിൽ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

ആദ്യ മെഴ്സി ചാൻസ് പരീക്ഷ എഴതുന്നവർ 5515 രൂപയും രണ്ടാം മെഴ്സി ചാൻസ് പരീക്ഷ എഴുതുന്നവ് വിദ്യാർഥികൾ 7720 രൂപയും സ്പെഷ്യൽ ഫീസ് പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

(പി.ആർ.ഒ/39/351/2023)

## <u>പരീക്ഷാ തീയതി</u>

അഫിലിയേറ്റഡ് കോളജുകളിലെ അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷനുകൾ സപ്ലിമെൻററി),ത്രിവത്സര എൽ.എൽ.ബി.(2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്)

പരീക്ഷകളും ഒൻപതാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി(2010 അഡ്മിഷൻ തേർഡ് മെഴ്സി ചാൻസ്) പരീക്ഷകളും ഏപ്രിൽ 17 ന് തുടങ്ങും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

............................

മൂന്നാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി, എം.എ (എം.എസ്.സി ബെയ്സിക് സയൻസ്-സ്റ്റാറ്റിസ്റ്റികസ്, എം.എസ്.സി ബെയ്സിക് സയൻസ്-കെമിസ്ട്രി, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്, എം.എ ഇംഗ്ലീഷ് - പുതിയ സ്കീം - 2020 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഏപ്രിൽ 25 ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/352/2023)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബി.വോക് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ, ബാങ്കിങ് ആൻറ് ഫിനാൻഷ്യൽ സർവീസസ് (2022 അഡ്മിഷൻ റഗുലർ, 2018-2020 അഡ്മിഷനുകൾ സപ്ലിമെൻററി - പുതിയ സ്കീം - മാർച്ച് 2023) പരീക്ഷയുടെ പ്രായോഗിക പരീക്ഷകൾ(എ.ഒ.സി) മാർച്ച് 29 മുതൽ അതത് കേന്ദ്രങ്ങളിൽ നടക്കും.

............................

മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി - ന്യു സ്കീം), (2014 2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2013 അഡ്മിഷൻ മെഴ്സി ചാൻസ് - ഓൾഡ് സ്കീം, ജനുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ മൂന്നു മുതൽ പാലാ, സെൻറ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻറ് കാറ്ററിംഗ് ടെക്നോളജിയിൽ നടത്തും.

(പി.ആർ.ഒ/39/353/2023)

## പരീക്ഷാ ഫലം

2022 ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്

പി.ജി.സി.എസ്.എസ് - സപ്ലിമെൻററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 10 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/354/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**